LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നിർമ്മാണത്തിലുള്ള കാലതാമസം

7(617) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന വലിയ കാലതാമസം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഡിസൈൻ വകുപ്പിൽ പുതുതായി നിയമിതരായ ഉദ്യോഗസ്ഥർക്ക് ഡിസൈൻ സോഫ്റ്റ്വെയറിൽ ആവശ്യമായ പരിശീലനം നൽകി വരികയാണ്. കൂടാതെ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങളും നടന്നുവരികയാണ്. ആവശ്യമായ ഉദ്യോഗസ്ഥരെ ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ ഡിസൈൻ കാലതാമസം വരുത്താതെ പൂർത്തീകരിക്കാനാകും. ഇൻവെസ്റ്റിഗേഷന് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിനാൽ ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള കാലതാമസവും ഒഴിവാക്കാനാകും.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

8(618) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കാലതാമസംവന്ന പ്രവൃത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

&

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടി വന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും (13.126 KM) 13.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് 2018-19 സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തമ്പുരാൻപടി-മല്ലാട്-ചേറായ്- കൊടുമ്പസാർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. എം.എൽ.എ.-യുടെ 2018-19 ആസ്തി വികസന

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ദേശീയപാത 66-ലെ ഒറ്റത്തെങ്ങിൽ നാശനഷ്ടം സംഭവിച്ച ഓടയുടെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പദ്ധതി നടപ്പാക്കിവരുന്നു. കിഫ്ബി വിഭാഗത്തിനുകീഴിൽ കനോലി കനാലിന് കുറുകെയുള്ള ചിങ്ങനാട്ടുകടവ് പാലത്തിന് 40 കോടി രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. 30.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും അനുവദിച്ചിട്ടുണ്ട്. അലൈൻമെന്റ് മോഡിഫൈ ചെയ്യുന്നതിനായി നടത്തേണ്ട ടോട്ടൽ സ്റ്റേഷൻ സർവ്വേയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. സാമ്പത്തികാനുമതിക്കും ഡീറ്റെയിൽഡ് അപ്രൈസൽ റിപ്പോർട്ടിനും അനുസൃതമായ TS എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിക്ക് 12-2-2021-ൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിനുകീഴിൽ പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. നിരത്ത്-കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

9(619) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കെ.ആർ.എഫ്.ബി. ഫണ്ടിംഗ് ഏജൻസിയായി നിലകൊണ്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ആലപ്പുഴ നഗരപാതാ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം, മുപ്പാലം ബ്രിഡ്ജ് എന്നിവയാണ്. പാലം വിഭാഗത്തിനുകീഴിൽ വാഴക്കുടം പാലത്തിന്റെ ബീമുകളുടെയും സ്ലാബുകളുടെയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ശവക്കോട്ട പാലത്തിന്റെ ബീം കോൺക്രീറ്റ് പൂർത്തിയായി. സ്ലാബിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.